# പാരിസ്ഥിതികം (2019-20)

കേരള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് "പരിസ്ഥിതി അവബോധ നവും പ്രോത്സാഹനവും" എന്ന ശീർഷകത്തിൻ കീഴിൽ സംസ്ഥാന വ്യാപകമായി ആരം ഭിച്ച പദ്ധതിയാണ് "പാരിസ്ഥിതികം". പരിസ്ഥിതി അവബോധ പരിപാടികൾക്കും കർമ്മ പദ്ധതികൾക്കും ഒരു പോലെ പ്രാധാന്യം നൽകുന്നതാണ് പ്രസ്തുത പദ്ധതി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ/അംഗീകൃത സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ/ സംഘടനകൾ തുടങ്ങിയ ഏജൻസികൾക്ക് ഈ പദ്ധതിയിൽ പങ്കെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന സംഘടനകൾക്ക് ഒറ്റയ്ക്കോ കൂട്ടായോ അവബോധ കർമ്മ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**പ്രമേയം**

## i. അവബോധ പരിപാടികൾ

2019-20 വർഷത്തെ പാരിസ്ഥിതികം പദ്ധതിയുടെ ഭാഗമായുള്ള അവബോധന പരിപാടികളുടെ മുഖ്യപ്രമേയം "വായു മലിനീകരണത്തിനെതിരെ പൊരുതാൻ നമുക്കൊരുമിക്കാം" (Join us to Fight Against Air Pollution) എന്നതാണ്.

**ഉപവിഷയങ്ങൾ**

1) വായുമലിനീകരണത്തിനു കാരണമാകുന്ന വസ്തുക്കളെക്കുറിച്ചുള്ള വിശദാംശങ്ങൾ, അവ ഏതെല്ലാം രീതിയിൽ മലിനമാക്കുന്നു തുടങ്ങിയവ.

2) വായുമലിനീകരണം കുറയ്ക്കാൻ അനുവർത്തിക്കേണ്ട മാർഗ്ഗങ്ങൾ, പ്രവൃത്തികൾ.

3)മലിനീകാരികളുടെ സുരക്ഷിതമായ നിർമ്മാർജ്ജന രീതികൾ.

4) വീടുകളിലെ വായുമലിനീകരണം കുറയ്ക്കാൻ സഹായിക്കുന്ന ഉപാധികൾ/ഉപകരണങ്ങളുടെ പ്രചാരം.

5) വായു മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും.

**കർമ്മ പരിപാടികൾ**

വായു മലിനീകരണം കുറയ്ക്കുന്നതിനുതകുന്ന കർമ്മ പരിപാടികൾ പ്രാദേശികാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാം, അതോടൊപ്പം അതത് പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സുസ്ഥിര പരിസ്ഥിതി വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും നടപ്പിലാക്കാവുന്നതാണ്.

**നിർദ്ദേശങ്ങൾ**

- പാരിസ്ഥിതിക വിഷയങ്ങളിൽ തൽപരരായ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തന പരിചയമുള്ള സർക്കാരിതര സംഘടനകൾ, പരിശീലനകേന്ദ്രങ്ങൾ, പ്രൊഫഷണൽ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് പദ്ധതിയിൽ പങ്കെടുക്കാൻ അവസരമുള്ളത്.

- പാരിസ്ഥിതികം പദ്ധതിയിൽ അവബോധ പരിപാടികളും കർമ്മ പരിപാടികളും ഉൾപ്പെടുത്തേണ്ടതാണ്.

- അതത് പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച നിലവിലത്തെ സ്ഥിതി വെളിവാക്കുന്ന ചിത്രങ്ങൾ, നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്നിവ വ്യക്തമാക്കുന്ന തരത്തിലുള്ളതായിരിക്കണം കർമ്മ പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസൽ.

- അവബോധ പരിപാടികൾ നടപ്പാക്കുമ്പോൾ ഉപവിഷയങ്ങൾ എല്ലാം തന്നെ പ്രതിപാദിക്കേണ്ടതാണ്.

- പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം നിർബന്ധമായും പാലിക്കേണ്ടതും, വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

- വ്യക്തികൾക്കോ രജിസ്റ്റർ ചെയ്യാത്തതും മൂന്ന് വർഷത്തെ പ്രവർത്തന പരിചയമില്ലാത്തതുമായ സംഘടനകൾക്കും ഈ പദ്ധതിയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

- പദ്ധതി അനുവദിക്കുന്നതു മുതൽ (തുക അനുവദിക്കുന്നത്) 2019 ഡിസംബർ 15 വരെയാണ്പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്.

- തെരഞ്ഞെടുത്ത സംഘടനകൾ അതത് മാസത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രവർത്തന കലണ്ടർ (Activity Calendar) ആദ്യ ഗഡു തുക ലഭിച്ച് 7 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

- പ്രൊപ്പോസലിനോടൊപ്പമുള്ള ബഡ്ജറ്റിൽ പദ്ധതി നിർവ്വഹിക്കുന്നതിനായി അപേക്ഷകന്റെ ഭാഗത്തു നിന്നും വിനിയോഗിക്കാനുദ്ദേശിക്കുന്ന തുകയുടെ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

- കർമ്മ പദ്ധതികളില്ലാത്തതും നിർദ്ദിഷ്ട മാതൃകയിൽ അല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- ആവശ്യമെന്നു തോന്നുന്ന പക്ഷം പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ ആരായുന്നതിനായി കൂടിക്കാഴ്ചക്കു ഡയറക്ടറേറ്റിൽ ക്ഷണിക്കുന്നതാണ്.

- ക്യാമ്പയ്നിൽ പങ്കാളികളാകുന്ന സംഘടനകൾക്കു ആശയ വിനിമയങ്ങൾ ഇ-മെയിൽ മുഖേന കൈമാറുന്നതാണ്.

- സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി പരിപാടിയുടെ വിശദമായ റിപ്പോർട്ട്, ഫോട്ടോ (പദ്ധതി നടപ്പാക്കുന്നതിനു മുൻപും പിൻപും ഉള്ള അവസ്ഥ വ്യക്തമാകുന്നത്), പത്ര വാർത്ത, KFC Form 44 ലുള്ള ഉപയോഗ-വിനിമയ സാക്ഷ്യ പത്രം (UC), ധനവിനിയോഗ പത്രിക (ES) എന്നിവ ഉൾപ്പെടെ 2019 ഡിസംബർ 31 നു മുൻപായി സമർപ്പിക്കേണ്ടതാണ്.

- തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്ഥാപനങ്ങൾക്കും സമർപ്പിക്കുന്ന പദ്ധതികൾക്കനുസൃതമായി 50,000 മുതൽ 1,00,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. ആദ്യ ഗഡുവായി 60% തുകയും, റിപ്പോർട്ട്, UC & ES എന്നിവ സമർപ്പിച്ചതിനു ശേഷം പ്രവർത്തനം വിലയിരുത്തി തൃപ്തികരമാണെങ്കിൽ അവശേഷിക്കുന്ന 40% തുകയും നൽകുന്നതായിരിക്കും.

- സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ചു പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനും അർഹമായ ധനസഹായം നൽകുന്നതിനുമുള്ള അധികാരം പൂർണ്ണമായും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്.

- ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുന്നതും, അപേക്ഷകന്റെ വിഹിതവും ഉൾപ്പെടെ മൊത്തം തുകയും ചെലവഴിച്ചതിന്റെ രേഖകൾ സഹിതം ആണ് UC & ES സമർപ്പിക്കേണ്ടത്.

- സർക്കാരിതര സംഘടനകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത ധനവിനിയോഗ രേഖകളാണ് സമർപ്പിക്കേണ്ടത്.

- നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്തതും ഭാഗികമായി പദ്ധതി നടപ്പാക്കുന്നതുമായ സംഘടനകൾക്ക് തുടർ ധനസഹായം നൽകുന്നതല്ല.

- നിർദ്ദിഷ്ട മാതൃകയിൽ കൃത്യമായി പൂരിപ്പിച്ച അപേക്ഷ; ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സ് (4-ാം നില), തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ **27/06/2019** നു മുൻപായി എത്തിക്കേണ്ടതാണ്.